# കേരളസർവകലാശാല

നം.പി.ആർ.243 (a)/2023 തിരുവനന്തപുരം, തീയതി: 20/11/2023

## പത്രക്കുറിപ്പ്

## ഇന്ത്യ ആതിഥേയത്വം വഹിക്കുന്ന അന്താരാഷ്ട്ര ജെല്ലിഫിഷ് ബ്ലൂംസ് സിമ്പോസിയം നവംബർ 21 ന് ഉദ്ഘാടനം ചെയ്യും

ഇന്ത്യ ആതിഥേയത്വം വഹിക്കുന്ന ഏഴാമത് ഇന്റർനാഷണൽ ജെല്ലിഫിഷ് ബ്ലൂംസ് സിമ്പോസിയം (ജെ.ബി.എസ് 7) കോവളത്തെ ഉദയ സമുദ്ര ഹോട്ടലിൽ 2023 നവംബർ 21 ന് വൈകുന്നേരം 5.00 ന് കേരളസർവകലാശാല വൈസ് ചാൻസലർ പ്രൊഫ. (ഡോ.) മോഹനൻ കുന്നുമ്മൽ ഉദ്ഘാടനം ചെയ്യും. 2023 നവംബർ 21 മുതൽ 25 വരെ കേരളസർവകലാശാലയും (അക്വാട്ടിക് ബയോളജി & ഫിഷറീസ് വകുപ്പ്) ICAR - സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും (CMFRI) സംയുക്തമായാണ് JBS7 സംഘടിപ്പിക്കുന്നത്.

2023 നവംബർ 22 മുതൽ 25 വരെ കോവളത്തെ ആർട്ട്സ് ആന്റ് ക്രാഫ്റ്റ് വില്ലേജിൽ സിമ്പോസിയം അവതരണങ്ങൾ ആരംഭിക്കും. നാഷണൽ ബയോഡൈവേഴ്സിറ്റി അതോറിറ്റി മുൻ ചെയർപേഴ്സണും ഐ.സി.എ.ആർ. ഡെപ്യൂട്ടി ഡയറക്ടർ ജനറലുമായ ഡോ. ബി. മീനാകുമാരി ആണ് വിശിഷ്ടാതിഥി. കാലിഫോർണിയ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിലെ പ്രൊഫ. മൈക്ക് ഡോസൺ റിപ്പബ്ലിക് ഓഫ് സൗത്ത് ആഫ്രിക്ക, യൂണിവേഴ്സിറ്റി ഓഫ് വെസ്റ്റേൺ കേപ്, ഡിപ്പാർട്ട്മെന്റ് ഓഫ് ബയോഡൈവേഴ്സിറ്റി ആന്റ് കൺസർവേഷൻ ബയോളജിയിലെ പ്രൊഫ. മാർക്ക് ജോൺ ഗിബ്ബൺസ്, കേരളസർവകലാശാല സിൻഡിക്കേറ്റംഗങ്ങളായ പ്രൊഫ.(ഡോ.) പി.എം.രാധാമണി, ഡോ.ഗോപ്ചന്ദ്രൻ കെ.ജി., കേരളസർവകലാശാല രജിസ്ട്രാർ പ്രൊഫ. (ഡോ.) കെ. എസ്. അനിൽ കുമാർ, സുഗന്ധി ദേവദാസൻ മറൈൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ.ജെ.കെ.പാറ്റേഴ്സൺ എഡ്വേർഡ് എന്നിവർ സംബന്ധിക്കും.

നവംബർ 21 ലോക മത്സ്യത്തൊഴിലാളി ദിനം കൂടി ആചരിക്കുന്ന ദിനമായതിനാൽ, കേരളത്തിലെ കരകൗശല മത്സ്യത്തൊഴിലാളിയുടെ പ്രതിനിധി ശ്രീ.ഷിബു ദാസനെ ആദരിക്കുകയും ജെല്ലിഫിഷിനെക്കുറിച്ചുള്ള തന്റെ അറിവുകൾ അവതരിപ്പിക്കാൻ അവസരം നൽകുകയും ചെയ്യും. കൊച്ചി സി.എം.എഫ്.ആർ.ഐ.യിലെ മറൈൻ ബയോഡൈവേഴ്സിറ്റി ആന്റ് എൻവയോൺമെന്റ് മാനേജ്മെന്റ് വിഭാഗം മേധാവി ഡോ ഗ്രിൻസൺ ജോർജ് നന്ദി രേഖപ്പെടുത്തും.

30 രാജ്യങ്ങളിൽ നിന്നുള്ള 110 വിദേശ വിദഗ്ധർ ഉൾപ്പെടെ 200 പ്രതിനിധികൾ (പ്രധാനമായും ഓസ്ട്രേലിയ, ബ്രസീൽ, കാമറൂൺ, ഫ്രാൻസ്, ജർമ്മനി, അയർലൻഡ്, ഇറ്റലി, ജപ്പാൻ, മലേഷ്യ, മെക്സിക്കോ, നോർവേ, പോളണ്ട്, റിപ്പബ്ലിക് ഓഫ് കൊറിയ, റഷ്യ, സിംഗപ്പൂർ, സ്ലോവേനിയ, ദക്ഷിണാഫ്രിക്ക, സ്പെയിൻ, ശ്രീലങ്ക, സ്വീഡൻ, തായ്ലൻഡ്, ഉറുഗ്വേ, യുഎസ്എ എന്നീ രാജ്യങ്ങളിൽ നിന്ന്) സമ്മേളനത്തിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കും. ടിൻകാര ടിന്റ (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബയോളജി, സ്ലോവേനിയ), ജമീലിഹ്

ജാവിദ്പൂർ (സതേൺ ഡെന്മാർക്ക് സർവകലാശാല) കൊർണേലിയ ജാസ്പേഴ്സ് (ടെക്നിക്കൽ യൂണിവേഴ്സിറ്റി ഓഫ് ഡെന്മാർക്ക്), അലൻ കോളിൻസ് (സ്മിത്സോണിയൻ നാഷണൽ മ്യൂസിയം ഓഫ് നാച്ചുറൽ ഹിസ്റ്ററി, യുഎസ്എ) എന്നിവരാണ് പ്രധാന പ്രഭാഷകർ.

2023 നവംബർ 23 ന് രാവിലെ 10.00 ന് തിരുവനന്തപുരം പ്രസ് ക്ലബ്ബിൽ മാർക്ക് ജോൺ ഗിബ്ബൺസ് (വെസ്റ്റേൺ കേപ്പ് യൂണിവേഴ്സിറ്റി, റിപ്പബ്ലിക് ഓഫ് സൗത്ത് ആഫ്രിക്ക) "ജെല്ലിഫിഷ്, പീപ്പിൾ, ആൻഡ് യുണൈറ്റഡ് നേഷൻസിന്റെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ" എന്ന തലക്കെട്ടിൽ ഒരു പൊതു പ്രഭാഷണം നടത്തും. തുടർന്ന് പ്രസ് ക്ലബ്ബിൽ നടക്കുന്ന പ്രസ് മീറ്റിൽ, ജെബിഎസ് 7-ന്റെ അന്താരാഷ്ട്ര കമ്മിറ്റിയിലെ പ്രധാന അംഗങ്ങൾ പങ്കെടുക്കും.

ജെല്ലിഫിഷ് വൈവിധ്യത്തിൽ ഇന്ത്യ മുൻനിര രാജ്യങ്ങളിലൊന്നാണ്. സമുദ്രോത്പന്നങ്ങളുടെ കയറ്റുമതിയിലും ജെല്ലിഫിഷിന് ഒരു പ്രധാന പങ്കാണ്. കൂടാതെ മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തിന് ജെല്ലിഫിഷ് മത്സ്യബന്ധനം സഹായിക്കുന്നു. ഇത്തരം കാര്യങ്ങൾ കണക്കിലെടുത്ത്, സിമ്പോസിയത്തിന്റെ പ്രത്യേക തീം "ജെല്ലിഫിഷ് മത്സ്യബന്ധനവും വ്യാപാരവും: സ്ഥിതി, പ്രവണതകൾ, ഉപജീവനത്തിന്റെ ആഘാതങ്ങൾ", പ്രോഗ്രാം 2023 നവംബർ 24-ന് ആയിരിക്കും.

***കൂടുതൽ വിവിരങ്ങൾക്ക്: ഡോ.എ.ബിജു കുമാർ, പ്രൊഫസർ & ഹെഡ്, ഡിപ്പാർട്ട്മെന്റ് ഓഫ് അക്വാട്ടിക് ബയോളജി & ഫിഷറീസ്, കേരള യൂണിവേഴ്സിറ്റി, സെക്രട്ടറി ഓർഗനൈസിംഗ് JBS-7***

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:**For queries**helpdesk@keralauniversity.ac.in**/
**website: www.keralauniversity.ac.in**